പ്രകാരം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെടുന്ന പൊതുജനങ്ങൾക്ക് നൽകുന്നതായ സേവനങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് 3-ാം വകുപ്പ് പ്രകാരം അതത് വകുപ്പുകളാണ് ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടത്. അപ്രകാരം സേവനങ്ങൾ ഉള്ള 121 വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

വിവരാവകാശ കമ്മീഷനിൽ ഒഴിവിലേയ്ക്കുള്ള നിയമനം

22 (3525) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാന വിവരാവകാശ കമ്മീഷനിലെ കമ്മീഷണറെയും അംഗങ്ങളെയും നിയമിക്കുന്നതിന് നിബന്ധനകളെന്തെങ്കിലും നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2-12-2015-ലെ 48308/സി.ഡി.എൻ5/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം നിലവിലുള്ള 4 ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. പ്രമുഖ പത്രമാധ്യമങ്ങളിലെല്ലാം പത്രക്കുറിപ്പായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള സർക്കാരിന്റെ വെബ്സൈറ്റായ www.kerala.gov.in-ലും ഇത് സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്.

(സി&ഡി) വിവരാവകാശ ആക്ട് 2005-ലെ നിബന്ധനകൾ അനുസരിച്ചാണ് സംസ്ഥാന വിവരാവകാശ കമ്മീഷനിലെ കമ്മീഷണറെയും അംഗങ്ങളെയും നിയമിക്കുന്നത്. പ്രസ്തുത ആക്ടിലെ സെക്ഷൻ 15 ഉപവകുപ്പ് (5),(6) പ്രകാരമാണ് സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറെയും വിവരാവകാശ കമ്മീഷണർമാരെയും നിയമിക്കുന്നത്.

സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർമാരും നിയമത്തിലോ ശാസ്ത്രത്തിലോ സാങ്കേതിക ശാസ്ത്രത്തിലോ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ സേവനത്തിലോ മാനേജ്മെന്റിലോ പത്രപ്രവർത്തനത്തിലോ ബഹുജന മാധ്യമപ്രവർത്തനത്തിലോ ഭരണത്തിലോ ഭരണ നിർവ്വഹണത്തിലോ, വിപുലമായ അറിവും അനുഭവജ്ഞാനവും ഉള്ളവരും പൊതുജീവിതത്തിൽ ഔന്നത്യം ഉള്ളവരുമായ വ്യക്തികൾ ആയിരിക്കേണ്ടതാണ്.

സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ ഒരു സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറോ അതത് സംഗതി പോലെ പാർലമെന്റിലെയോ ഏതെങ്കിലും സംസ്ഥാനത്തിലെയോ കേന്ദ്രഭരണ പ്രദേശത്തിലെയോ നിയമസഭയിലെ അംഗമായിരിക്കുകയോ ആദായകരമായ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുകയോ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയോട് ബന്ധപ്പെട്ടിരിക്കുകയോ ഏതെങ്കിലും ബിസിനസ് നടത്തിക്കൊണ്ടിരിക്കുകയോ ഏതെങ്കിലും തൊഴിലിൽ ഇടപെടുകയോ ചെയ്യാൻ പാടില്ലാത്തതുമാണ്.

ബഹു. സുപ്രീംകോടതി വിവരാവകാശവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിധിയിൽ ഇൻഫർമേഷൻ കമ്മീഷണർമാരുടെ നിയമനം സുതാര്യമായ രീതിയിലും കൂടുമുറ രീതിയിലും നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഓഫീസുകളിലെ ജോലിഭാരം

23 (3526) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലേയും ഓഫീസുകളിലേയും ജോലി ഭാരത്തെക്കുറിച്ചും ജോലിയുടെ സ്വഭാവത്തെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ജോലിഭാരമേറിയ ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ജോലിഭാരം ലഘൂകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ലഭ്യമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനത്തിനായി വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്കാണ് അതാത് വകുപ്പുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തിപഠനം നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സെക്രട്ടേറിയറ്റിലെ

LIBRARY ARCHIVES Kerala Legislative Assembly